## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2941 | 28.01.2014 ൽ മറുപടിക്ക് |
|---|---|

### എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ പി.എഫ് ക്രെഡിറ്റ് കാർഡ്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീമതി ഇ. എസ് . ബിജിമോൾ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് പി. എഫ് ക്രഡിറ്റ് കാർഡ് അവസാനമായി നൽകിയ വർഷം ഏതാണെന്ന് വ്യക്തമാക്കാമോ; ഈ വിഭാഗം അദ്ധ്യാപകർക്ക് 2006 ന് ശേഷം പി. എഫ്. ക്രഡിറ്റ് കാർഡുകൾ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് പി.എഫ് ക്രെഡിറ്റ് കാർഡ് അവസാനമായി നൽകിയത് 2005-2006 വർഷത്തിലാണ്. ഈ വിഭാഗം അദ്ധ്യാപകർക്ക് 2006-ന് ശേഷം പി.എഫ് ക്രെഡിറ്റ് കാർഡുകൾ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പി.എഫ് ക്രഡിറ്റ് കാർഡ് ലഭിക്കാത്തതു മൂലം ടെമ്പററി അഡ്വാൻസ്, എൻ.ആർ.എ എന്നിവ ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. |
| (സി) | 2006 ന് ശേഷമുള്ള പി. എഫ് ക്രഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് അടിയന്തര നടപടിസ്വീകരിക്കുമോ? | 2006-ന് ശേഷമുള്ള പി. എഫ് ക്രെഡിറ്റ് കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ